ഭരണഭാഷ – മാതൃഭാഷ

**വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം**

മൂന്നാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695033

ഫോൺ: 0471-2302722, ഇ-മെയിൽ : industriesdirectorate@gmail.com

DIC/2266/2024-EE1 തീയതി: 30-09-2024

**<u>പരിപത്രം</u>**

വിഷയം:- വ്യവസായം - ജീവനക്കാര്യം – സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുവാനായി യോഗ്യതകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

വ്യവസായ വാണിജ്യ വകുപ്പിലെ വിവധ തസ്തികകളുടെ താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോഴും, അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷവും ജീവനക്കാർ തങ്ങളുടെ യോഗ്യതകൾ സീനിയോരിറ്റി ലിസ്റ്റിൽ ചേർത്ത് നൽകണം എന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചുവരുന്നുണ്ട്. നിയന്ത്രണാധികാരികൾ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പുവരുത്തി മാത്രം സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനു ശിപാർശ ചെയ്യുന്നതിനായി ചുവടെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

1) ജീവനക്കാർ തങ്ങളുടെ വിദ്യാഭ്യാസ യോഗ്യത/അധിക വിദ്യാഭ്യാസ യോഗ്യത/ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് യോഗ്യത എന്നിവ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുവാനായി അസ്സൽ സർട്ടിഫിക്കറ്റുകൾ അതാത് നിയന്ത്രണാധികാരിക്ക് സമർപ്പിക്കേണ്ടതാകുന്നു. നിയന്ത്രണാധികാരി ജീവനക്കാരൻ സമർപ്പിച്ച സർട്ടിഫിക്കറ്റിന്റെ ആധികാരികത ഉറപ്പുവരുത്തേണ്ടതും സർട്ടിഫിക്കറ്റ് സൂക്ഷ്മ പരിശോധന നടത്തി ആയതിന്റെ ആധികാരികത ഉറപ്പാക്കിയ ശേഷം മേൽ യോഗ്യത സേവന പുസ്തകത്തിൽ യഥാസ്ഥാനത്ത് എഴുതി ചേർക്കുകയും നിയന്ത്രണാധികാരി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സേവന പുസ്തകത്തിൽ സൂക്ഷിക്കുകയും വേണം. മേൽ സർട്ടിഫിക്കറ്റിന്റെ ആധികാരികത സംബന്ധിച്ച് ഭാവിയിൽ ഉണ്ടാകുന്ന അന്വേഷണങ്ങൾക്ക്

വിശദീകരണം നൽകേണ്ടത് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയ നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമായിരിക്കും.

2) ജീവനക്കാരൻ സമർപ്പിച്ച അപേക്ഷ, നിയന്ത്രണാധികാരി സാക്ഷ്യപ്പെടുത്തിയ വിദ്യാഭ്യാസ യോഗ്യത/അധിക വിദ്യാഭ്യാസ യോഗ്യത/ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് യോഗ്യത സർട്ടിഫിക്കറ്റിന്റെ പകർപ്പ്, സേവനപുസ്തകത്തിന്റെ ആദ്യ പേജ്, യോഗ്യത എഴുതി ചേർത്ത പേജ് എന്നിവയുടെ നിയന്ത്രണാധികാരി സാക്ഷ്യപ്പെടുത്തിയ പകർപ്പും കൂടാതെ സർട്ടിഫിക്കറ്റ് സൂക്ഷ്മ പരിശോധന നടത്തി ആധികാരികത ബോധ്യപ്പെട്ട ശേഷമാണ് സേവന പുസ്തകത്തിൽ ഉൾപ്പെടുത്തിയത് എന്നും അതേ സർട്ടിഫിക്കറ്റിന്റെ പകർപ്പാണ് സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താനായി സമർപ്പിച്ചിട്ടുള്ളത് എന്നുമുള്ള നിയന്ത്രണാധികാരിയുടെ സാക്ഷ്യപത്രവും, മേൽ യോഗ്യത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണം എന്ന നിയന്ത്രണാധികാരിയുടെ ശിപാർശയും സഹിതം സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുവാനായി നിയന്ത്രണാധികാരി വ്യവസായ വാണിജ്യ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാകുന്നു.

മേൽ പ്രതിപാദിച്ച നിർദേശങ്ങൾ പാലിക്കാതെ കൺട്രോളിംഗ് ഓഫീസർമാർ സമർപ്പിക്കുന്ന യോഗ്യത വിശദാംശം മേലിൽ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.

Signed by
Rajeeve. C. R
Date: 30-09-2024 10:34:57

RAJEEVE C R

SENIOR ADMINISTRATIVE OFFICER

പകർപ്പ്:-

1) ഡയറക്ടർ, കയർ വികസന ഡയറക്ടറുടെ കാര്യാലയം
2) ഡയറക്ടർ, കൈത്തറി & വസ്ത്ര ഡയറക്ടറുടെ കാര്യാലയം
3) എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്കും
4) ചങ്ങനാശ്ശേരി, മഞ്ചേരി സി.എഫ്.എസ്.സി. മേധാവികൾക്കും
5) എല്ലാ കയർ പ്രോജക്റ്റ് ഓഫീസ് മേധാവികൾക്കും
6) എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളിലെയും ഉപജില്ലാ വ്യവസായ

ഓഫീസർമാർക്കും

7) ഡെപ്യൂട്ടി ഡയറക്ടർ (ഐ.ടി.) – (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

8) ഇ.ഡി. വിഭാഗം/സംഭരണ/സൂക്ഷിപ്പ്

അംഗീകാരത്തോടെ

Signed by
Chitra. R. S
Date: 30-09-2024 16:15:36

സ്പെഷ്യൽ ഓഫീസർ